**ബഹുമാനപ്പെട്ട പോൾ റമ്പാച്ചൻ 2012 മാർച്ചു മാസം 15-ാം തീയതി വ്യാഴാഴ്ച സങ്കേത ഭവനത്തിൽ നടത്തിയ ധ്യാനപ്രസംഗത്തിന്റെ പൂർണ്ണരൂപം.**

# നിത്യജീവൻ

വിശുദ്ധ വേദവായന ഭാഗം : വിശുദ്ധ മത്തായി 19 : 16 മുതൽ 26 വരെ

കർത്താവിനാൽ സ്നേഹിക്കപ്പെട്ട വിശ്വാസികളെ,

വിജയകരമായ 50 നോമ്പിന്റെ പകുതി സമയം കഴിഞ്ഞിരിക്കുന്നു. അടുത്ത പകുതിയിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. കഴിഞ്ഞ 25 ദിവസത്തെ നമ്മുടെ നോമ്പ് നമുക്ക് പല അനുഗ്രഹങ്ങളെ നേടിതന്നതിന് ദൈവത്തെ സ്തുതിക്കാം. കർത്താവിന്റെ കുരിശിനെ നോക്കികൊണ്ട്, ഉയിർപ്പിന്റെ അനുഭവം, സ്വർഗ്ഗാരോഹണത്തിന്റെ അനുഭവം ഏററുവാങ്ങി, വരാൻപോകുന്ന പെന്തിക്കൊസ്തി, പരിശുദ്ധാത്മാവിന്റെ ശക്തിയും വിശുദ്ധിയും, എല്ലാം പ്രാപിക്കുന്ന അനുഭവമാകാൻ ഇനിയും എന്താണ് ചെയ്യേണ്ടത്? ആത്മാർത്ഥമായി, മനസാക്ഷി അനുസരിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഇനിയും എന്താണ് കുഴപ്പം എന്നൊരു തോന്നൽ ഉണ്ടാകാൻ സാധ്യതയുണ്ട്. നമ്മുടെ ബുദ്ധിയും കഴിവും അനുസരിച്ച് നമ്മളാൽ കഴിയുന്നത് നമ്മൾ ചെയ്യുന്നു. നമ്മുടെ തോന്നലിനെ ഒരിക്കലും വിശ്വസിക്കരുത്. നിനക്കു തന്നെ ജ്ഞാനിയായി തോന്നരുത്. സ്വന്തം വിവേകത്തിൽ ഊന്നരുത് എന്നൊരു വചനമുണ്ട് സദൃശവാക്യം 3 -ാം അദ്ധ്യായത്തിൽ. നമ്മുടെ ബുദ്ധി നമ്മളെ ഒത്തിരി വഞ്ചിക്കാൻ സാധ്യതയുണ്ട്. നമ്മുടെ തോന്നലുകൾ, ബുദ്ധികൾ, ജ്ഞാനം നമ്മളെ ഒത്തിരി വഞ്ചിക്കാൻ സാധ്യതയുണ്ട്. ഒത്തിരി മുൻവിധിയും മിത്ഥ്യയുമുള്ളതാണ് നമ്മുടെ ബോധം. ആയതിനാൽ ഈ കഴിഞ്ഞ 25 ദിവസത്തെ നേട്ടങ്ങൾ എല്ലാം നമ്മൾക്ക് കർത്താവിൽ ഏൽപ്പിക്കാം. ഇനിയും എന്തെല്ലാം ഇല്ലായെന്നുള്ളതാണ് അറിയേണ്ടത്. കിട്ടിയത് എല്ലാം ദൈവത്തിൽ സമർപ്പിക്കാം. അതെല്ലാം കർത്താവ് സൂക്ഷിച്ചുകൊള്ളും. ഇനിയും കിട്ടാത്തത് എന്താണ് എന്നറിഞ്ഞ് എത്രയും വേഗം നേടികൊള്ളണം എന്നുള്ളതാണ് ഇന്നത്തെ വേദവായന ഭാഗത്തിലെ പ്രധാന സന്ദേശം.

അങ്ങനെ ആത്മാർത്ഥമായി, ചെറുപ്പം മുതലേ ദൈവത്തിന്റെ കല്പനകൾ അനുസരിച്ച്, ഭക്തനായി ജീവിക്കാൻ ആഗ്രഹിച്ച ഒരു ചെറുപ്പക്കാരൻ, കർത്താവിന്റെ അടുത്ത് ചെന്ന് ഇനിയും എനിക്ക് എന്താണ് കുറവ് എന്നൊരു ചോദ്യം ചോദിക്കുന്നു. വലിയ കുഴപ്പങ്ങൾ

ഒന്നും ഇല്ലായെന്ന വിചാരത്തിലാണ് ചോദിച്ചത്. അവന്റെ ബുദ്ധിയനുസരിച്ച് അവൻ എല്ലാ കാര്യവും ചെയ്തു എന്നാണ് പറയുന്നത്. നമ്മുടെ ഇതുവരെയുള്ള സഭാ ജീവിതത്തിൽ നമ്മുടെ മനസാക്ഷി അനുസരിച്ച് ഒരു പാപവും ചെയ്യാൻ ആഗ്രഹിക്കുന്നില്ല, മാനം മര്യാദയായി ജീവിക്കണം. ആരെയും ഉപദ്രവിക്കാതെ, സഭ തന്നിരിക്കുന്ന കല്പന അനുസരിച്ച് ജീവിക്കേണം, രക്ഷപ്പെടണം, പ്രാണനെ സ്വർഗ്ഗത്തിൽ എത്തിക്കണം, എന്ന് പറഞ്ഞ് പ്രാണക്കുട്ടികളുടെ പ്രാണന്റെ കാര്യവും പഠിച്ചുകൊണ്ട് നടക്കുകയാണ്. ഇതെല്ലാം നല്ലതാണെങ്കിലും നമ്മൾ അറിയാത്ത തെററുകളും കുറവുകളും അപൂർണ്ണതകൾ എവിടെയൊക്കെയുണ്ട്. അതുകൊണ്ട് കർത്താവിന്റെ കല്യാണമണ്ഡപത്തിൽ എത്തണമെങ്കിൽ, നാം പൂർണ്ണരായിരിക്കണം. മണവാളൻ പൂർണ്ണനായിരിക്കുന്നതുപോലെ മണവാട്ടിയും പൂർണ്ണമായില്ലെങ്കിൽ കല്യാണം വൃത്തികേടായിപ്പോകും. അതുകൊണ്ട് കർത്താവിന്റെ കല്യാണത്തിന് മാനക്കേട് വരുത്താതിരിക്കണമെങ്കിൽ, കർത്താവ് കർത്താവ് ഏതെല്ലാം കാര്യത്തിൽ പൂർണ്ണനായിരിക്കുന്നവോ അതേ കാര്യത്തിൽ നമ്മളെ പൂർണ്ണരാക്കിയിട്ട് നല്ല പൊരുത്തമാണെന്ന് കല്യാണമണ്ഡപത്തിൽ വെച്ച് കാണുന്നവർ എല്ലാവരും പറയണം, എങ്കിലെ സ്വർഗ്ഗത്തിലെ അപ്പച്ചന് സന്തോഷമാകുകയുള്ളു. എത്ര വർഷങ്ങളായി കാത്തിരിപ്പ് തുടങ്ങിയിട്ട്, ഇത്രയും കാലം കാത്തിരുന്നിട്ട് ആരെങ്കിലും കുററം പറഞ്ഞാൽ എന്തു സങ്കടമായിരിക്കും. നമ്മൾ മുഖാന്തരം കർത്താവിന് ഒരു കറ വരരുത്. കർത്താവിന് ഒരു മാനക്കേട് വരരുത്. അതുകൊണ്ട് എന്തു ചിലവ് സഹിച്ചും നമ്മളെ പൂർണ്ണരാക്കാൻ സ്വർഗ്ഗം തയ്യാറാണ്. നമ്മൾ ഒന്നു സഹകരിച്ചാൽ മതി, നമുക്ക് ഒരു പണചിലവും ഇല്ല. കർത്താവിനോട് ഒന്നു സഹകരിച്ചാൽ മതി. കർത്താവ്, നമ്മൾ കൊടുക്കുന്നതിന്റെ ബാക്കിയായിട്ട് ചെയ്തുകൊള്ളും.

നമുക്ക് കർത്താവ് പ്രതീക്ഷിക്കുന്ന പൂർണ്ണത എത്ര ശതമാനം ആയി? ഇത് നമ്മളെകൊണ്ട് കഴിയുമോ എന്നാണ് നമ്മുടെ വിചാരം? പക്ഷേ ഇത് കർത്താവിന്റെ ആവശ്യമായതുകൊണ്ട് കർത്താവിനെകൊണ്ട് സാധിക്കും. മനുഷ്യരെ കൊണ്ട് സാധിക്കാത്ത കാര്യം ദൈവത്തെകൊണ്ട് സാധിക്കും. നമ്മൾ ഒന്ന് മനസ്സ് വെച്ചാൽ മതി. ‘ കർത്താവേ, ഞാൻ മുഖാന്തരം നിനക്ക് മാനക്കേട് വരരുത്. നീ ലജ്ജിക്കാൻ ഇടയാകരുത്. അതുകൊണ്ട് എല്ലാ കാര്യത്തിലും കർത്താവ് പ്രതീക്ഷിക്കുന്ന ഒരു പൂർണ്ണത എനിക്ക് വേണം. ആ പൂർണ്ണതയുമായി എനിക്ക് കർത്താവിന്റെ കല്യാണമണ്ഡപത്തിൽ വരണം. കർത്താവിന്റെ കല്യാണത്തിന് എന്നെ വിവാഹനിശ്ചയം ചെയ്തതിന് നന്ദി. ഇത്രയും നാൾ സഹിച്ചതിന് നന്ദി. ക്ഷമിച്ചതിന് നന്ദി. ഇനിയും ശേഷിക്കുന്ന സമയം, ഞാൻ പൂർണ്ണനാകാൻ, പൂർണ്ണയാകാൻ ആഗ്രഹിക്കുന്നു. അതിന് ഞാൻ എന്തു ചെയ്യേണം? അതായിരിക്കട്ടെ ഇനിയും നമ്മുടെ ചിന്താവിഷയം.

ഇന്ന് വായിച്ച തിരുവചനത്തിൽ, വിശുദ്ധ മത്തായി 19 : 16 മുതൽ 26 വരെയുള്ള വാക്യത്തിൽ, നമ്മുടെ ഭക്തിയും പ്രാർത്ഥനയും ധ്യാനവും എല്ലാം ആത്മസംതൃപ്തിയിൽ വന്നു കഴിയുമ്പോൾ ഉണ്ടാകുന്ന ഒരു അപകടമാണ്, ‘ ഇത്രയൊക്കെ മതി ’ എന്ന് പറഞ്ഞ് പരിപാടി നിർത്താൻ സാധ്യതയുണ്ട്. അങ്ങനെ ഒരിക്കലും നിർത്തരുത്. അതാണ് ഈ വചനത്തിൽ പറയുന്നത്. ഈ ചെറുപ്പക്കാരൻ കർത്താവിന്റെ അടുത്ത് ചെന്ന് കർത്താവിനെ വിളിക്കുന്നത് ‘നല്ലവനായ ഗുരു എന്നാണ്’. യേശുവിനെ നല്ല ഗുരുവായിട്ട് ദൂരെനിന്ന് കണ്ട ചെറുപ്പക്കാരന് ഈ യേശുവിന്റെ അടുത്ത് ചെന്ന് വർത്തമാനം പറയണമെന്ന് തോന്നി. എനിക്ക് നിത്യജീവൻ ഉണ്ടാകുവാൻ ഞാൻ എന്താണ് ചെയ്യേണ്ടത്? എന്നാണ് അവന്റെ ചോദ്യം. നല്ല ചിന്താവിഷയം, നിത്യജീവൻ. നമ്മുടെ കൈയിൽ ഉള്ളത് അനിത്യജീവനാണ്. നമ്മുടെ കൈയിലുള്ള ജീവനും ജീവിതവും താൽക്കാലികമാണ്. അത് എങ്ങനെയുള്ളതാണ് എന്നുള്ള കാര്യം യാക്കോബ് ശ്ലീഹാ നിർവഹിച്ചിട്ടുണ്ട്. അത് അല്പനേരത്ത് കാണുന്നതും പിന്നെ മാഞ്ഞുപോകുന്ന ആവിപോലെയാണ്. ആവിപോലെയുള്ള ജീവൻ എത്രനാളായി ഇങ്ങനെ പറക്കാൻ തുടങ്ങിയിട്ട്. വെള്ളം തിളക്കുമ്പോൾ ആവിയായി പോകുന്നത് കാണമല്ലോ? ആദ്യം വെള്ളമായിട്ട് ഒഴിച്ചതാണ്. പാത്രത്തിൽ ഒഴിച്ചിരിക്കുന്ന വെള്ളം തിളപ്പിച്ച് കുറച്ചുകഴിയുമ്പോൾ അത് ആവിയായി അങ്ങ് പോകും. അത് ഒരിക്കലും ഇല്ലാതാകുന്നില്ല. ആ കാര്യം അറിഞ്ഞിരിക്കണം. നമ്മുടെ ശരീരമാകുന്ന ഈ പാത്രത്തിൽ നിന്ന്, നമ്മുടെ ഈ ജീവിതത്തിൽ നിന്ന്, ലോകത്തെക്കാൾ വിലയുള്ള ജീവൻ, ജീവിതം ആവിയായി പൊയ്ക്കൊണ്ടിരിക്കുകയാണ്. ആവിയായി പൊയ്ക്കൊണ്ടിരിക്കുന്ന ജീവനും ജീവിതവും നിത്യതയിലേക്ക് പോകുന്നുണ്ടോ അതോ നാശത്തിലേയ്ക്കാണോ പോകുന്നത്? നമ്മുടെ ശരീരത്തിൽ നിന്ന് വേർപെടുന്ന ജീവന് നാശത്തിലേക്കും ജീവനിലേയ്ക്കും പോകാം. ഇതിനെ കുറിച്ചുള്ള നമ്മുടെ ബോധത്തെ വർദ്ധിപ്പിക്കണം.

നമ്മൾ ജനിച്ച അന്നുമുതൽ നമ്മുടെ ശരീരത്തിലേയ്ക്കു വന്ന ജീവൻ അത് വെള്ളം പോലെ നമ്മുടെ ഉള്ളിൽ കിടക്കും. അത് ഐസ് കട്ടപോലെ ഉറഞ്ഞിരിക്കാം. അത് ആവിപ്പോലെ പോകാനും സാധ്യതയുണ്ട്. ഒരേ സമയത്ത് ഈ മൂന്ന് അവസ്ഥയിലും നമ്മുടെ ശരീരത്തിൽ ജീവൻ ഉണ്ടാകാൻ സാധ്യതയുണ്ട്. ഐസ് കട്ടപോലെ ഉറഞ്ഞിരിക്കുന്ന വെള്ളം, ജലമായി ഇരിക്കുന്ന അവസ്ഥ, ആവിയായി ഇരിക്കുന്ന മററൊരു വശം. ഒരു ഐസ് കട്ടയെടുത്ത് പാത്രത്തിലിട്ട് ചൂടാക്കാൻ തുടങ്ങിയാൽ, ചൂട് കൂടുന്നതിനനുസരിച്ച് ഐസ്കട്ട കുറശ്ശെ ഉരുകാൻ തുടങ്ങും, ഉരുകിയത് വെള്ളമായി. പിന്നെയും ചൂടാക്കികൊണ്ടിരിക്കാമെങ്കിൽ

വെള്ളം തിളയ്ക്കാൻ തുടങ്ങും. വെള്ളത്തിൽ പൊങ്ങികിടക്കുന്ന ഐസ്കട്ട പിന്നെയും ഉരുകികൊണ്ടിരിക്കും. വെള്ളം ചൂടായികൊണ്ടിരിക്കും. കുറച്ചു കഴിയുമ്പോൾ മൂന്ന് തരത്തിലുള്ള വെള്ളത്തിന്റെ അവസ്ഥ കാണും. അതായത് വെള്ളം ആവിയായും, ജലമായും, ഐസ്കട്ടയായും കിടക്കുന്ന മൂന്ന് വശങ്ങൾ ഈ പാത്രത്തിൽ ഉണ്ടാകാൻ സാധ്യതയുണ്ട്. ഐസ് മുഴുവനും ഉരുകി കഴിയുന്ന ഒരു സമയമുണ്ട്. പിന്നെ വെള്ളവും ആവിയും ആയിരിക്കും. പിന്നെയും ചൂടാക്കികൊണ്ടിരുന്നാൽ മുഴുവനും ആവിയായി തീർന്നിട്ട് പാത്രം കാലിയായി തീരും. ഇങ്ങനെ മൂന്ന് അവസ്ഥയുണ്ടെന്നുള്ള കാര്യം അറിഞ്ഞിരിക്കണം. ഈ പാത്രത്തിൽ നിന്ന് പോയതായ ആവി, അത് ഇല്ലാതായിട്ടില്ല. പാത്രത്തിലെ വെള്ളം അവിടുന്ന് അപ്രത്യക്ഷമായി. അപ്രത്യക്ഷമായ ആ ജീവൻ, ആ വെള്ളം അത് ആവിയായി ഈ അന്തരീക്ഷത്തിൽ ഉണ്ട്. പാത്രത്തിൽ നിന്ന് പോയി എങ്കിലും അത് അന്തരീക്ഷത്തിൽ മററൊരു രൂപത്തിലുണ്ട്. അതിന് ഇല്ലാതാകാൻ കഴിയുകയില്ല എന്ന സത്യം നാം പഠിച്ചിരിക്കണം.

ഈ യാഥാർത്ഥ്യത്തെ ശാസ്ത്രജ്ഞന്മാർ കണ്ടെത്തി, കുട്ടികളെ പഠിപ്പിക്കാനായി ഒരു തത്വത്തെ ആവിഷ്ക്കരിച്ചു. Energy is constant – അതാണ് ആ തത്വത്തിന്റെ പേര്. Energy യ്ക്കു ഇല്ലാതാകൻ കഴിയുകയില്ല, രൂപഭേദം വരാനേ കഴിയുകയുള്ളു. ഒന്ന് വേറൊന്നായിട്ട് മാറാനേ കഴിയുകയുള്ളു. ദൈവത്തിന്റെ സൃഷ്ടിയുടെ പ്രത്യേകതയാണ്. പലതരം Energy ഉണ്ട്. Electric energy, Light energy, Sound energy എന്നീ പലതരം ശക്തികൾ ഉണ്ട്. അത് ഒന്ന് വേറൊന്നായി മാറുകയാണ്. നമ്മുടെ ജീവവണ്ടിക്ക് അകത്ത് ശക്തി വരുന്നുമുണ്ട്, പോകുന്നുമുണ്ട്. ഇതൊന്നും ഇല്ലാതാകുന്നില്ല എന്നുള്ള കാര്യം നാം അറിഞ്ഞിരിക്കണം. ഇത് അനുസരിച്ച് നമുക്ക് ജീവിതത്തെപ്പററി കണക്ക് വേണം. ഇതിനെല്ലാം കണക്ക് ഉണ്ട്. നമ്മൾ ജനിച്ച അന്നുമുതൽ ഇന്നുവരെ എത്രശക്തി ദൈവം നമുക്ക് തന്നു. സ്വർഗ്ഗത്തിൽ മീററർ ഉണ്ട്. സ്വർഗ്ഗത്തിൽ മീററർ ഇങ്ങനെ കറങ്ങികൊണ്ടിരിക്കും. ഓരോരുത്തർക്കും എത്രമാത്രം ശക്തി കൊടുത്തുകൊണ്ടിരിക്കുന്നു, ജനിച്ച കാലം മുതൽ എത്രകാലം ജീവിച്ചു? ദൈവം നമുക്ക് എത്രമാത്രം ജീവൻ തന്നു. ആ ജീവൻ നിത്യജീവനാണോ അതോ നശിക്കുന്ന ജീവനായി പോയോ? ഇത് വളരെ പ്രധാനപ്പെട്ട ഒരു യാഥാർത്ഥ്യമാണ്. നോമ്പും ഉപവാസവും നടത്തുമ്പോൾ ഏററവും ശ്രദ്ധിക്കേണ്ടതായ കാര്യമാണ്.

ലോകത്തെക്കാൾ വിലയുള്ള ദൈവത്തിന്റെ ജീവനും ജീവിതവും അവൻ നമുക്ക് സൗജന്യമായി തന്നു. നമ്മൾ അത് നിത്യജീവനാക്കാതെ നിത്യനാശത്തിലേയ്ക്കു കളഞ്ഞാൽ,

അത് ദൈവത്തിന്റെ വകയാണ്, നാം കളഞ്ഞെങ്കിൽ നമ്മുടെ മേൽ കേസ്സുകൾ വരും, അത് അറിഞ്ഞിരിക്കണം. ഇതിനെപ്പററിയുള്ള നമ്മുടെ വിചാരങ്ങളെയും ബോധങ്ങളെയും വർദ്ധിപ്പിക്കണം. കിട്ടിയിരിക്കുന്ന ജീവൻ, തന്ന ആളിന്റെ കൈയിൽ തിരികെ ഏൽപ്പിക്കണം. ഉദ്ദേശിച്ച കാര്യം സാധിച്ചതിനുശേഷം തിരികെ ഏൽപ്പിക്കണം. വേല തികച്ചതിനുശേഷമേ ഈ പ്രാണൻ അവിടെ എത്തിച്ചേരുകയുള്ളു. അതാണ് വിശുദ്ധ പത്രോസിന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്. നമ്മുടെ ഓരോ ദിവസത്തെയും പ്രാണൻ, ദൈവത്തിന്റെ ഇഷ്ടം നിർവഹിച്ച്, കുരിശ് എടുത്ത്, ദൈവത്തിന്റെ വേല തികച്ച്, പ്രാണനെ വിശ്വസ്തയോടെ സൃഷ്ടാവിങ്കൽ ഭരമേല്പിക്കണം. ഓരോ ദിവസവും നമ്മുടെ ജീവിതധർമ്മം എന്താണെന്നുള്ള കാര്യം പത്രോസിന്റെ ലേഖനത്തിൽ ഉണ്ട്. വിശുദ്ധ പത്രോസിന്റെ ലേഖനം 4 : 18 -19 വാക്യങ്ങൾ വായിക്കുക. ദൈവം നമുക്ക് തന്നിരിക്കുന്ന വിലയേറിയ ജീവനും ജീവിതവും, അത് ലോകത്തേക്കാൾ വിലയുള്ളതാണ്, അത് പിതാവ് നമുക്ക് സമ്മാനിച്ചതാണ്. അത് constant ആണ്. അതിന് ഇല്ലാതാകാൻ സാധ്യമല്ല. പക്ഷേ നമ്മുടെ കൈയിൽ നിന്ന് പോകാൻ സാധ്യതയുണ്ട്. നമ്മുടെ കൈയിൽ നിന്ന് പോയാൽ, അത് എവിടെയെങ്കിലും ആരുടെയെങ്കിലും കൈയിൽ കാണും. അതിനെല്ലാം കണക്ക് ഉണ്ട്. നമുക്ക് ഇങ്ങോട്ട് തന്നതിന് കണക്ക് സ്വർഗ്ഗത്തിലുണ്ട്.

നമ്മുടെ കൈയിൽ നിന്ന് പോയതിന്റെ കണക്ക് നമ്മുടെ കൈയിലുണ്ടോ? അതാണ് ഓരോ ദിവസത്തെ നാളിനെ എണ്ണണം എന്നു പറഞ്ഞതിന്റെ കാര്യം. നമുക്ക് എത്ര ദിവസം കിട്ടി? ആ ദിവസം ആരുടെയെല്ലാം കൈയിലുണ്ട്? അത് എവിടെയെല്ലാം പോയിട്ടുണ്ട്? അതിനെകൊണ്ട് എന്തെല്ലാം സാധിച്ചിരിക്കുന്നു? ഇതിന്റെ എല്ലാത്തിന്റെയും കണക്കുകൾ നമ്മുടെ കൈയിൽ വേണം. നമ്മൾ തന്നെ കണക്ക് നോക്കി ഓഡിററ് റിപ്പോർട്ട് കൊണ്ടുചെന്നാൽ, പിന്നെ ന്യായവിധിയില്ല. അല്ലെങ്കിൽ ഓഡിററിന് ഓഡിററർ വരും, അവസാനം കണക്ക് നോക്കാൻ വരും. ഓരോ വാക്കിനും ന്യായവിധി, ഓരോ ദിവസത്തെ ജീവിതത്തിനും ന്യായവിധി, എല്ലാത്തിനും കണക്ക് ഉണ്ട്, എല്ലാം റിക്കാർഡ് ചെയ്തിരിക്കുകയാണ്. അത് ദൈവം എടുക്കുന്നതിന് മുൻപ്, സാത്താൻ എടുക്കുന്നതിന് മുൻപ്, നമ്മൾ എടുക്കാമെങ്കിൽ, നമുക്ക് കർത്താവിന്റെ അംഗീകാരത്തോട് നിത്യതയിലേക്ക് പ്രവേശിക്കാൻ സാധിക്കും. 1 പത്രോസ് 4:19 ൽ പത്രോസ് ശ്ലീഹാ തന്റെ അനുഭവത്തിൽ നിന്നാണ് ഇതെല്ലാം പഠിച്ചത്. താൻ ആത്മാവിൽ നിറഞ്ഞ് പെന്തിക്കൊസ്തി പെരുന്നാളിൽ, ആത്മാവിന്റെ പരിജ്ഞാനവും ഉയരത്തിൽ നിന്ന് അഭിഷേകത്തിന്റെ ജ്ഞാനവും കിട്ടി കഴിഞ്ഞപ്പോൾ, കണ്ടെത്തിയതായ

വലിയ സത്യമാണ്, അനുദിന ജീവിതത്തിലെ നമ്മുടെ വിലയേറിയ ജീവനും ജീവിതവും എങ്ങനെ നാം കൈകാര്യം ചെയ്യണമെന്നുള്ള കാര്യമാണ് അവിടെ പറഞ്ഞിരിക്കുന്നത്. പത്രോസ് ശ്ലീഹാ തന്റെ അനുഭവത്തിൽ നിന്നാണ് ഇതെല്ലാം പഠിച്ചത്

അതുകൊണ്ട് ദൈവേഷ്ടപ്രകാരം കഷ്ടം സഹിക്കുന്നവർ നന്മ ചെയ്തുകൊണ്ട് തന്റെ പ്രാണനെ വിശ്വസ്തനായ സൃഷ്ടാവിങ്കൽ ഭരമേല്പ്പിക്കട്ടെ! 1 പത്രോസ് 4:18-19, നീതിമാൻ പ്രയാസേന രക്ഷപ്രാപിക്കുന്നുവെങ്കിൽ, അഭക്തന്റെയും പാപിയുടെയും ഗതി എന്താകും? ഈ ചോദ്യത്തിന് മറുപടി കണ്ടെത്തിയിട്ടുണ്ടോ? 1 പത്രോസ് 4:17–ാം വാക്യത്തിൽ ഒരു ചോദ്യമുണ്ട്. ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിക്കാൻ സമയം ആയല്ലോ? അത് നമ്മിൽ തുടങ്ങിയാൽ ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും? വിശുദ്ധ നോമ്പിന്റെ പകുതി കഴിഞ്ഞിരിക്കുന്ന ദിവസം പിതാക്കന്മാർ ഈ ചോദ്യം നമ്മോട് ചോദിക്കുകയാണ്. നമ്മൾ എന്തു മറുപടി പറയും? 1 പത്രോസ് 4:12 മുതൽ 16 വരെയുള്ള ഭാഗങ്ങൾ വായിച്ചിട്ടുവേണം ഈ ചോദ്യത്തിന് മറുപടി പറയാൻ. ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുന്നതിന്റെ പദവി, പ്രയോജനം, ഗുണങ്ങൾ, ആവശ്യങ്ങൾ പറയുകയാണ്. പ്രിയമുള്ളവരേ, നിങ്ങൾക്കു പരീക്ഷയ്ക്കായി സംഭവിച്ചിരിക്കുന്ന അഗ്നിശോധനയിങ്കൽ, ഒരു അപൂർവ്വകാര്യം നിങ്ങൾക്കു വന്നു കൂടി എന്നുവെച്ച് അതിശയിച്ചുപോകരുത്. പക്ഷേ, നമുക്ക് ഈ കാര്യത്തിൽ ശരിയായ ബോധമില്ല. നമ്മുടെ വിചാരം നമ്മൾക്കു മാത്രമേ ഈ കഷ്ടപ്പാടുകൾ ഉള്ളു എന്നാണ്. നമുക്കു മാത്രം എന്താണ് ഈ വിഷമം? മററുള്ളവർ സുഖമായി നടക്കുന്നു. നമുക്കു മാത്രം എന്താണ് ഇങ്ങനെ? എന്ന ഒരു തെററുധാരണയുണ്ട്? ഇത് യേശുവിനെ അനുഗമിക്കാൻ ഇറങ്ങിയവർക്ക് ഒക്കെ ഉണ്ടായ അനുഭവമാണ്.

ക്രിസ്തുയേശുവിൽ ഭക്തിയോട് ജീവിക്കാൻ ആഗ്രഹിക്കുന്നവർക്ക് എല്ലാം, ഉപദ്രവം ഉണ്ടാകും, തീമോത്തിയോസിന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്. ഭക്തിയില്ലാത്തവർക്ക് ഒരു കുഴപ്പവും ഇല്ല, ഭക്തിയുള്ളവർക്ക് ഉപദ്രവങ്ങൾ വന്നുകൊണ്ടെയിരിക്കും. ഭക്തിയും ഉപദ്രവമായിട്ട് ബന്ധമുണ്ട്. അത് ഭക്തകർക്ക് ഉള്ളതാണ്. അതിന്റെ പ്രയോജനം അറിഞ്ഞാൽ, അതിനെ ശരിക്കും രക്ഷാകരമാക്കാം എന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് അഗ്നിശോധന നമ്മളെ കൊള്ളാവുന്നവരാക്കാനാണ്. അഗ്നിയിൽ ശോധന ചെയ്യുമ്പോൾ, മാററ് വർദ്ധിക്കുന്നതായ ലോഹങ്ങളാണ് സ്വർണ്ണവും വെള്ളിയും. ഈ ലോഹത്തിന്റെ മാററ് കൂടുന്നത് എപ്പോഴാണ്, ഉരുക്കി ഉരുക്കി എടുക്കുമ്പോഴാണ്. നമ്മൾ മാററ് വർദ്ധിപ്പിക്കേണം. മണവാളനെപ്പോലെ മണവാട്ടിയും സുന്ദരിയാകാൻ, പതിനായിരങ്ങളിൽ സുന്ദരനാണ്

മണവാളൻ, മണവാട്ടി എത്ര സുന്ദരിയാകണം? അതും  പതിനായിരങ്ങളിൽ സുന്ദരിയാകണം. അല്ലെങ്കിൽ നാണക്കേടാണ്. കർത്താവ് രണ്ടാമത് വരാതിരിക്കുന്നതിന്റെ കാരണം മനസ്സിലായോ? നമ്മുടെ വൃത്തികേട് ഇതുവരെ മാറിയിട്ടില്ല. അതിനുള്ള അവസരം കൂടി തരികയാണ്. അതിന് അഗ്നിശോധന വേണം.

കർത്താവേ! എനിക്ക് കർത്താവിന്റെ കല്യാണത്തിന് സംബന്ധിക്കുമ്പോൾ, അണിയേണ്ടതായ തങ്കവും പൊന്നും വെള്ളിയും സകലവും അഗ്നിശോധനയിൽകൂടി കടത്തിവിട്ടതിനു ശേഷമേ കർത്താവ് അത് ഉപയോഗിക്കുകയുള്ളു. അഗ്നിശോധന വേണമെന്നു നാം പ്രാർത്ഥിക്കേണം. അഗ്നിയിൽ മാത്രം ശോധന ചെയ്യേണ്ടതായ കാര്യങ്ങൾ ഉണ്ട്. എല്ലാം നമ്മുടെ ശുദ്ധീകരണത്തനും ശക്തീകരണത്തിനും തേജസ്സക്കരണത്തിനും ആവശ്യമാണ്. ശരീരത്തിന്റെ ശോധന, മനസ്സിന്റെ ശോധന, ഹൃദയത്തിന്റെ ശോധന ഇതെല്ലാം പൂർത്തീകരിച്ചങ്കിലേ, കർത്താവിന്റെ കൂടെ വാഴാൻ കഴിയുകയുള്ളു എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. ഈ കാര്യത്തിൽ നമുക്ക് വന്ന കുറവിന് നമുക്ക് ക്ഷമ ചോദിക്കണം. അത് നമുക്ക് മുമ്പുള്ളവർക്കും കിട്ടിയതാണല്ലോ, എനിക്കും കിട്ടിയതിന് നന്ദി. അതിന് സ്തോത്രം പറഞ്ഞിട്ട് കർത്താവിന് റിപ്പോർട്ട് കൊടുക്കേണം.

1 പത്രൊസ് 4:13 –ാം വാക്യം, ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊൾവിൻ. നമുക്കു വരുന്ന കഷ്ടങ്ങൾ ക്രിസ്തുവിന്റെ കഷ്ടങ്ങളുടെ പങ്കാണോ? പൂരിപ്പിക്കാൻ കിട്ടിയതാണോ? ഇതിന്റെ പേരിൽ സന്തോഷിക്കേണ്ടതിനുപകരം ദുഃഖിച്ചെങ്കിൽ ക്ഷമ ചോദിക്കേണം. നമ്മുടെ മാററ് കൂട്ടാൻ വേണ്ടി കർത്താവ് ശോധന തന്നതാണ്. നമ്മളെ ശുദ്ധീകരിക്കാൻ, കർത്താവ് അനുവദിച്ച ശോധനയിങ്കൽ, നമ്മൾ പരിഭവിക്കുകയോ പരാതിപ്പെടുകയോ പിറുപിറുക്കയോ ചെയ്തു എങ്കിൽ, അതിന് ക്ഷമ ചോദിക്കണം. കർത്താവേ! നീ എന്നെ സുന്ദരിയാക്കാൻ വേണ്ടി പല ശോധനയിൽ കൂടി കടത്തി വിട്ടു. എനിക്ക് അതിന്റെ അർത്ഥം മനസ്സിലായില്ല. അതുകൊണ്ട് ക്ഷമിക്കണം, ഞാൻ സന്തോഷിച്ചില്ല, കരഞ്ഞു, കരഞ്ഞാൽ പിന്നെ കർത്താവ് വിണ്ടും ശോധന തരാൻ തോന്നുമോ? സന്തോഷിച്ചാൽ മാത്രമേ കർത്താവ് വിണ്ടും വിണ്ടും അയച്ച് തന്ന് നമ്മെ ശുദ്ധീകരിക്കാൻ കഴിയൂ. അതുകൊണ്ട് ക്രിസ്തുവിന്റെ കഷ്ടത്തിൽ പങ്കുള്ളവരായതിനാൽ സന്തോഷിക്കേണം.

അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും. കല്യാണത്തിന്റെ അന്ന് ഉല്ലസിച്ച് ഘോഷിക്കേണം. തേജസക്കരണത്തിനായി കർത്താവ്

കരുതിയിരിക്കുന്ന കഷ്ടനഷ്ടങ്ങളിൽ സന്തോഷിച്ച് കർത്താവിന്റെ പെട്ടകത്തിന്റെ മുമ്പിൽ ഉല്ലസിച്ച് ആഘോഷിക്കണം. കർത്താവിന്റെ മുമ്പിൽ സന്തോഷിക്കേണം. അത് നമ്മുടെ ബലമാണ്. അങ്ങനെ കർത്താവിൽ സന്തോഷിച്ച് ഉല്ലസിക്കുമ്പോൾ കിട്ടുന്ന ബലമുണ്ട്. ആ ബലം കൊണ്ടു മാത്രമേ നമുക്ക് തിന്മയെ തോൽപ്പിക്കാൻ കഴിയുകയുള്ളു. ദൈവത്തിലുള്ള ഉല്ലാസമാണ് നമ്മുടെ പ്രത്യാശ.

ക്രിസ്തുനാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ. ഈ അവസരത്തിൽ നാം നിരാശപ്പെടുമോ? ഇത് ഭാഗ്യമാണെന്നു പറഞ്ഞ് സന്തോഷിക്കുമോ? ആനന്ദിക്കുമോ? ഈ ലോകത്തിലെ തിന്മകളും അശുദ്ധികളും കഷ്ടങ്ങളും നഷ്ടങ്ങളും നമ്മെ തേജസ്സുള്ളവരാക്കാൻ ഉള്ള പരിപാടിയാണ്. ലോകത്തിന് ഇതൊന്നും മനസ്സിലാകണമെന്നില്ല. ഇത് മനസ്സിലാകാത്ത ലോകത്തിൽ ഈ പരിപാടി അനേകർക്ക് സംശയം ഉണ്ടാക്കും. നമുക്ക് അവരെ അനുഗ്രഹിക്കാം. നമുക്ക് അത് ലാഭമാണ്. അങ്ങനെ നിന്ദ കേൾക്കുമ്പോൾ, സ്വർഗ്ഗത്തിൽ കൊടുക്കാനിരിക്കുന്ന പ്രത്യേക സമ്മാനങ്ങൾ ഉണ്ട്. മഹത്വത്തിന്റെ ആത്മാവ്, ദൈവത്തിന്റെ ആത്മാവ് ആവസിക്കുമ്പോൾ ലോകത്തിന് നമ്മുടെ വെറുപ്പും വിദ്വേഷവും വൈരാഗ്യവും വരും. അവർ നമ്മെ തെററു ധരിക്കും, നമ്മളെ പഴിക്കും, ദുഷിക്കും. അപ്പോൾ അവരെ നാം അനുഗ്രഹിക്കണം. മഹത്വത്തിന്റെ ആത്മാവ്, ദൈവത്തിന്റെ ആത്മാവ് ആവസിക്കുമ്പോൾ, കർത്താവ് നമുക്ക് ഒരു മറ വയ്ക്കും. ആരും നമ്മളെ അറിയുകയില്ല, ദൈവം നമ്മൾക്ക് ഒരു മറ വെച്ചാൽ, മററുള്ളവർ നമ്മെ തെററ് ധരിക്കും. തെററ് ധരിച്ചിട്ടാണ് അവർ നമ്മളെ മുൻവിധിയോട് കാണുന്നത്. അങ്ങനെയാണ് അവർ മിഥ്യാബോധത്തിൽ അധിക്ഷേപിക്കുന്നത്. ക്രിസ്ത്യാനിയായി കഷ്ടം സഹിക്കേണ്ടിവന്നാൽ ലജ്ജിക്കരുത്, ലജ്ജിച്ചോ? ലജ്ജിച്ചെങ്കിൽ ക്ഷമ ചോദിക്കേണം. കഷ്ടങ്ങൾ സഹിക്കേണ്ടി വന്നപ്പോൾ, ലജ്ജിച്ച് കർത്താവിനെ സ്തുതിക്കാൻ കഴിഞ്ഞില്ല, അതിന് ക്ഷമിക്കണം എന്നു പറയണം. യേശുനാമം ധരിച്ചപ്പോൾ ഇല്ലാത്തത് ഉണ്ടെന്ന് പറഞ്ഞപ്പോൾ, ചെയ്യാത്തത് ചെയ്തുയെന്നു പറഞ്ഞപ്പോൾ, ദൈവമേ നിനക്ക് സ്തുതിയെന്ന്, അവർ ഇങ്ങോട്ടു പറഞ്ഞ ശബ്ദത്തിൽ പറയാൻ കഴിഞ്ഞില്ലെങ്കിൽ അത് കൃത്യവിലോപമാണ്. സ്തേഫാനോസിനെ കല്ലെറിഞ്ഞപ്പോൾ, എല്ലാവരും കേൾക്കെ, കർത്താവേ ! അവരെ അനുഗ്രഹിക്കണമെന്നാണ് പറഞ്ഞത്.

1 പത്രൊസ് 4:17 -ാം വാക്യം, കർത്താവിന്റെ കല്യാണത്തിന് പോകേണ്ടവരുടെ കേസ്സുകൾ ഇപ്പോൾ എടുപ്പിക്കും. നമ്മുടെ ന്യായവിധി സ്വർഗ്ഗകോടതി തുറന്ന് ചെയ്തുകൊണ്ടിരിക്കുക യാണ്. കല്യാണത്തിന് മുമ്പ് കേസ്സുകൾ എല്ലാം തീർക്കും. കല്യാണത്തിന് പോകാത്തവരുടെ

കേസ്സുകൾ ഒന്നും ഇപ്പോൾ എടുക്കുകയില്ല. അവർക്ക് സുഖമാണിപ്പോൾ, എത്ര കേസ്സുകൾ ഉണ്ടെങ്കിലും അവർക്ക് പരമസുഖം. കർത്താവിന്റെ കല്യാണം കഴിഞ്ഞ്, മധുവിധു ആഘോഷങ്ങളും കഴിഞ്ഞ്, അന്ത്യന്യായവിധിക്കുമാത്രമേ അവരുടെ കേസ്സുകൾ എടുക്കുകയുള്ളു. കൊലദിവസത്തിലെ പൊളപ്പ് എന്ന പോലെ, നിത്യനരകത്തിലേയ്ക്കു പോകാനുള്ളവർ ആ മിനിററു വരെ അവർക്ക് വേണ്ടതായ സുഖങ്ങളെല്ലാം കൊടുത്തിട്ട്, അവരെ തീയിലേക്ക് കളയാൻ പോകുന്നത്.

ഈ ലോകത്തിൽ കൊല ചെയ്തിട്ടും ദൈവേഷ്ടമില്ലാതെ ജീവിച്ചിട്ടും സ്വന്തഇഷ്ടപ്രകാരം ജീവിച്ചിട്ടും ഒരു പ്രശ്നവുമില്ലാതെ സുഖമായി ജീവിക്കുകയാണെങ്കിൽ, അതിന്റെ അർത്ഥം അത് കൊലദിവസത്തിലെ പൊളപ്പ് എന്നാണ്. നമ്മുടെ കണക്കും ദൈവത്തിന്റെ കണക്കും തമ്മിൽ വിത്യാസമുണ്ട്. നമ്മുടെ ഒരു ദിവസം ദൈവത്തിന് ആയിരം സംവത്സരം പോലെയും ദൈവത്തിന് ആയിരം സംവത്സരം നമ്മുടെ ഒരു ദിവസം പോലെയുമാണ്. 2 പത്രൊസ് 3:8 –ാം വാക്യം. അതുകൊണ്ട് നമുക്ക് തോന്നാം, ഇത്രയും കാലമായിട്ടും അവർക്ക് എന്താണ് ഒരു കുഴപ്പവും പററാത്തത്? നമ്മളെ ഉപദ്രവിച്ചവരെയും, വഴക്ക് ഉണ്ടാക്കിയവരെയും, വിശ്വാസമില്ലാത്തവരെയും കർത്താവ് ശിക്ഷിക്കാത്തത് എന്താണ് തോന്നുമ്പോൾ, അത് കണക്കിന്റെ വിത്യാസമാണ്. കർത്താവിന്റെ കലണ്ടറും നമ്മുടെ കലണ്ടറും തമ്മിൽ വിത്യാസമുണ്ട്. വിശ്വാസമില്ലാത്തവരുടെ ന്യായവിധി അവസാനമാണ്. അതുവരെ ദൈവമക്കൾക്ക് യാതൊരു സ്വസ്ഥതയും കാണുകയില്ല. കല്യാണത്തിന്റെ തലേദിവസം വരെ യാതൊരു സ്വസ്ഥതയും കാണുകയില്ല. കാരണം മാററ് കൂട്ടുകയാണ്, വർദ്ധിപ്പിക്കുകയാണ്. മാററ് കൂട്ടാൻ വേണ്ടി അഗ്നിശോധനയിൽ കൂടി എല്ലാം കടത്തിവിടും. നമ്മളെ സുന്ദരിയായി കർത്താവിന്റെ കല്യാണമണ്ഡപത്തിൽ എത്തിക്കാനായി കർത്താവ് തരുന്ന എല്ലാ അഗ്നിശോധനയിൽ കൂടി കടന്നുപോയി, അതിന്റെയെല്ലാം പ്രയോജനം ആസ്വദിച്ചാൽ മാത്രമേ കർത്താവിനെ സന്തോഷിപ്പിക്കാൻ കഴിയുകയുള്ളു.

ഇപ്പോൾ കല്യാണത്തിന് പോകുന്നവരുടെ കാര്യം മാത്രമേ എടുക്കുന്നുള്ളു. അല്ലാത്തവരുടെ കാര്യം ഇല്ല. ന്യായവിധി ആദ്യം കല്യാണത്തിന് പോകുന്നവരുടെയും അതിനുശേഷം കല്യാണത്തിന് കൂടെ പോകേണ്ടവരുടെയും. അതുകൊണ്ട് **എ** ഗ്രേഡകാർക്ക് ഒരു സ്വസ്ഥതയും ഉണ്ടാകില്ല. **ബി** ഗ്രേഡകാർക്ക് കുറച്ചു സ്വസ്ഥതയുണ്ട്, **സി** ഗ്രേഡകാർക്ക് പരമസുഖം. കാരണം അവർക്ക് നിയമങ്ങൾ ഒന്നും ഇല്ല. കട്ടും മോഷ്ടിച്ചും കളിയാക്കിയും തല്ലികൊന്നും ഏതുവഴിയും പോകാം. ഈ ലോകത്തിൽ **സി** ഗ്രേഡകാർ, യൂദാ കോട്ടകാർക്ക്

പരമ സുഖമായിരിക്കും. കർത്താവിന്റെ എത്ര കോടി രൂപാ (അവൻ) യൂദാ മോഷ്ടിച്ചുകാണും. കർത്താവ് കണക്ക് ചോദിച്ചില്ല. അതുകൊണ്ട് നികുതി അടയ്ക്കാൻ പോലും കാശ് ഇല്ലാതെ വന്നത്. ഈ ലോകത്തിൽ എല്ലാവരും ഒരു പോലെയല്ല, എല്ലാവരെയും ഒരു പോലെയല്ല ദൈവം കാണുന്നത്. കല്യാണത്തിന് പോകേണ്ടവർ ആദ്യം, അവരെ **എ** ഗ്രേഡകാർ എന്നു പറയും. **ബി** ഗ്രേഡകാർ ഹാനോക്ക് കോട്ട എന്നു പറയും. **സി** ഗ്രേഡകാർ യൂദാ കോട്ട എന്നു പറയും. ഇതിൽ ഏത് കോട്ടയിലാണ് നം എന്ന് ദിവസവും പരിശോധിക്കണം. **എ** ഗ്രേഡകാർക്ക് എല്ലാ ആനുകൂല്യവും ലഭിക്കും, പക്ഷേ സ്വസ്ഥതയുണ്ടാകില്ല. അഗ്നിശോധനകൾ ഒന്നിന് ഒന്നായി പുറകെ വന്നുകൊണ്ടിരിക്കും. ഈ കാര്യം അറിഞ്ഞിരിക്കണം. ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം പുറകെ മാത്രമേയുള്ളു.

ഒരോ ദിവസവും ഇങ്ങനെയൊരു നിർബന്ധം വേണം. ലോകത്തെക്കാൾ വിലയുള്ള ജീവനെ കർത്താവ് എനിക്ക് തന്നു. എന്റെ ശരീരമാകുന്ന പാത്രത്തിൽ ഐസ്കട്ട പോലുള്ള ജീവനുണ്ട്, വെള്ളം പോലുള്ള ജീവനുണ്ട്, ആവിയായി കൊണ്ടിരിക്കുന്ന ജീവനുണ്ട്. ആവിയായി കൊണ്ടിരിക്കുന്ന ജീവൻ അത് എന്റെ കർത്താവിന്റെ മാറിൽ ചെന്ന് ചേർന്നിട്ട് അത് മേഘം പോലെ അവിടെ ഇരിക്കണം. അത് കർത്താവിന് വെള്ളംപ്പോലെ ആക്കേണ്ടപ്പോൾ ആകട്ടെ. നമ്മളിൽ നിന്ന് വേർപെടുന്ന ജീവൻ ദൈവാസ്നേഹാഗ്നിയിൽ ജ്വലിക്കാമെങ്കിൽ, ദൈവാത്മാവിന്റെ അഗ്നിയിൽ തിളക്കാമെങ്കിൽ അത് ആവിയായി മുകളിലോട്ട് അങ്ങ് പോകും. എന്നാൽ പിശാചിന്റെ അന്യാഗ്നി കത്തിയിട്ട് ദുർമോഹങ്ങൾ സാധിക്കാൻവേണ്ടി നമ്മൾ തിളയ്ക്കുന്നുവെങ്കിൽ, നമ്മുടെ ശക്തി കറുത്ത മേഘങ്ങളായി തഴോട്ടുപോകും. നമ്മുടെ ശരീരത്തിൽ നിന്ന് വേർപെടുന്ന ജീവൻ, വെളുത്ത ആവിയായോ കറുത്ത ആവിയായോ ആയി മാറുന്നു. പാപം ചെയ്യുമ്പോൾ നാം തിളയ്ക്കുകയാണ്.

പിശാചിന്റെ അന്യാഗ്നി കത്തിയിട്ട് അത്യാഗ്രഹങ്ങൾ, ദുർമോഹങ്ങൾ സാധിക്കാൻ വേണ്ടി തിളച്ച് മറിഞ്ഞ്, ഉള്ള ശക്തി മുഴുവൻ കത്തിച്ചു കളയുകയാണ്. അപ്പോൾ നമ്മുടെ ജീവനും ശക്തിയും കറുത്ത ആവിയായിട്ട് മാറും. അതിന്റെ പേര് കാർമുകിൽ എന്നാണ്. പാപത്തിന്റെ കാർമുകിൽ. നമ്മുടെ പാപം കാർമുകിൽ പോലെ, കറുത്ത ഇരുണ്ട മേഘം പോലെ നമ്മുടെ തലയുടെ മുകളിൽ നിൽക്കും. യെശയ്യാവിന്റെ പുസ്തകത്തിൽ അതിനെപ്പററി പ്രതിപാദിക്കുന്നുണ്ട്. കാർമുകിൽ പോലെ അവൻ എന്റെ ലംഘനങ്ങളെ മായിച്ച് അതിനെ രക്തം ഒഴിച്ചിട്ട് നല്ല വെളുത്ത പഞ്ഞിപോലെയാകും. അപ്പോൾ പാപം എന്നു പറയുന്നത്, അന്യാഗ്നി കത്തി, പിശാചിന്റെ അഗ്നിയിൽ, ദുർമോഹങ്ങൾ സാധിക്കാനുള്ള ബദ്ധപ്പാടിൽ, നമ്മുടെ ശരീരമാകുന്ന പാത്രം തിളയ്ക്കുമ്പോൾ, പാപം ചെയ്യുമ്പോൾ ഉണ്ടാകുന്ന വിയർപ്പും

തിളക്കലും എല്ലാ അസ്വസ്ഥതകളും കറുത്ത മേഘം ഉണ്ടാകുന്നു. കറുത്ത മേഘത്തിൽ പാപം ചെയ്യിപ്പിച്ച പിശാച് സഞ്ചരിക്കും. നമ്മൾ അവനെ കൂടി ചുമന്നുകൊണ്ടു നടക്കേണ്ടിവരും. അവന് എപ്പോൾ വേണമെങ്കിൽ ശാപം വർഷിപ്പിക്കാം. അതിന്റെ ഊഷ്മാവ് കുറച്ചാൽ മതി, ശാപത്തിന്റെ മഴ പെയ്യും. മേഘം തണുത്ത് മഴ പെയ്യുന്നതുപോലെ, ശാപത്തിന്റെ മേഘമാണ് ശാപത്തിന്റെ വെള്ളം നമ്മുടെ തളിക്കുന്നത്. അത് നമ്മെ നാശകുഴിയിലേക്ക് ഉരുട്ടികൊണ്ടുപോകും. നമ്മുടെ ശരീരമാകുന്ന പാത്രം ദൈവസ്നേഹം കൊണ്ടുമാത്രമേ തിളക്കുകയുള്ളു. പരിശുദ്ധാത്മാവിന്റെ ശക്തികൊണ്ടു മാത്രമേ തിളക്കുകയുള്ളു.

അപ്പോൾ അത് വെളുത്ത മേഘമായി തീരും. ആ വെളുത്ത മേഘം നമ്മുടെ തലയുടെ മുകളിൽ, ദൈവത്തിന് സഞ്ചരിക്കാവുന്ന ഒരു വാഹനമായി മാറും. എപ്പോഴും ദൈവത്തെ സ്തുതിക്കുന്നവരുടെ തലയുടെ മുകളിൽ ഒരു വെളുത്ത മേഘം കാണും. അതിനെ കുറിച്ച് 22 –ാം സങ്കീർത്തനത്തിൽ പറയുന്നുണ്ട്. 'യിസ്രായേലിന്റെ സ്തുതികളിന്മേൽ വസിക്കുന്നവനേ' എന്നാണ് ദൈവത്തിന്റെ പേര്. ദൈവസ്നേഹാഗ്നിയിൽ നമ്മുടെ ജീവനും ശക്തിയും സ്തുതിച്ച്, സ്തുതിച്ച് ആവിയായി, ആ ആവി മേഘമായിട്ട്, ആ വെളുത്ത മേഘത്തിൽ ദൈവം കാണും. ദൈവത്തിന് എപ്പോൾ വേണമെങ്കിലും, അനുഗ്രഹം തരണമെന്നു തോന്നിയാൽ, ആ മേഘത്തെ കുറച്ചു തണുപ്പിച്ചാൽ മതി, അനുഗ്രഹത്തിന്റെ മഴ. ദൈവത്തിന് നമ്മുടെ ശക്തിയും മഹത്വവും ആവിയായി കൊടുത്തുകൊണ്ടിരുന്നാൽ, അതിനെ വെള്ളമായിട്ടും, അതിനെ ഐസായിട്ടും ഒക്കെ അതിനെ തിരികെ കിട്ടും. അതെല്ലാം നമുക്ക് രുചികരമായി ആസ്വദിക്കാൻ കഴിയും. ഈ ഒരു നിർബന്ധം വേണം, എന്റെ ശരീരമാകുന്ന പാത്രത്തിലെ, ലോകത്തിനേക്കാൾ വിലയുള്ള ജീവൻ, അത് നാശത്തിലേക്ക് പോകരുത്, അത് വിഷമഞ്ഞ് ആകരുത്, അത് വിഷത്തിന്റെ കാർമേഘം ആകരുത്. അത് അനുഗ്രഹത്തിന്റെ മഴ മാത്രമേ പെയ്യിക്കാവൂ.

നമ്മുടെ ശരീരത്തിൽ പോയ ജീവൻ മുഴുവനും അനുഗ്രഹത്തിന്റെ മഴ പെയ്യിക്കാൻ വെളുത്ത മേഘങ്ങളായി മാറണം. ശേഷിക്കുന്ന കാലം കർത്താവേ, എന്റെ ശരീരമാകുന്ന പാത്രത്തിൽ നിന്ന്, ജഢമോഹം കൊണ്ടും, കൺമോഹം കൊണ്ടും, ജീവനത്തിന്റെ പ്രതാപവും കൊണ്ടും, തിളച്ച് ആവിയായി, കറുത്ത മേഘമായി, എത്രമാത്രം മേഘം എന്റെ പുറകെയുണ്ട്? അതിന്റെ മുകളിൽ എത്ര ഭൂതമുണ്ട്? ആ ഭൂതത്തിന് എപ്പോൾ വേണമെങ്കിലും ശാപത്തിന്റെ മഴ പെയ്യിക്കാൻ സാധിക്കും. അത് ആരും തടയുകയില്ല. അതിനാൽ ദൈവസന്നിധിയിൽ ചെന്ന് കുമ്പസാരിച്ച്, കരഞ്ഞ് വിലപിക്കുമ്പോൾ, എന്റെ മഹത്വവും ശക്തിയും ഞാൻ പാപം ചെയ്യാൻ ഉപയോഗിച്ചു. അത് കറുത്ത മേഘമായി തലയുടെ മുകളിലുണ്ട്. അത് എപ്പോൾ വേണമെങ്കിലും ശാപത്തിന്റെ മഴ പെയ്യിച്ചുകൊണ്ടിരിക്കും. അത് ഇനിയും വേണ്ടാ. അതിന് യേശുവിന്റെ രക്തം

തളിക്കണം. അതിന് വെളുത്ത മേഘമാകണം. അതിനെ കർത്താവിന് സഞ്ചരിക്കാനുള്ള മേഘം ആകണം, എന്ന് പറയാൻ വേണ്ടിയാണ് കൃപായുഗം നീട്ടികൊണ്ട്, ഉപവാസവും പ്രാർത്ഥനയും നടത്തുന്നത്. നമ്മുടെ വിലയേറിയ ജീവനും ജീവിതവും രക്ഷയുടെ അനുഭവത്തിലേക്ക് പോകേണം.

വിശുദ്ധ മത്തായി 19: 23-26, ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചികുഴിയിലൂടെ കടക്കുന്നതാകുന്നു. ശിഷ്യന്മാർ അത് കേട്ടപ്പോൾ ഏററവും വിസ്മയിച്ചു. എന്നാൽ രക്ഷിക്കപ്പെടാൻ ആർക്കു കഴിയും എന്നു പറഞ്ഞു. അത് മനുഷ്യർക്ക് അസാധ്യം എങ്കിലും ദൈവത്തിന് സകലവും സാധ്യം എന്നു പറഞ്ഞു. ഐസ്കട്ട പോലെയിരിക്കുന്ന നമ്മുടെ ശക്തി, ആവിപോലെ സ്വർഗ്ഗത്തിലെത്തിക്കാൻ മനുഷ്യരെകൊണ്ട് സാധ്യമല്ല. അത് ആഗ്രഹിക്കാമെങ്കിൽ, അതിന് ചിലവ് മുഴുവനും വഹിച്ച്, പരിശുദ്ധാത്മാവിന്റെ അഗ്നി അപ്പച്ചൻ പുത്രന്റെ കൈയിൽ കൊടുത്തുവിട്ടിട്ട്, ആ അഗ്നി നമ്മുടെ ഹൃദയത്തിൽ കത്തി കത്തി, ഇടവിടാതെ സ്തുതിച്ച്, നമ്മുടെ ജീവൻ മുഴുവൻ ആവിയായി പൊയ്ക്കൊണ്ടിരുന്നാൽ, അത് കർത്താവിന്റെ മാറിൽ പോയി ഇരുന്നോളും. കർത്താവിന് വേണ്ടപ്പോൾ മേഘമുണ്ടാക്കി വരും, അനുഗ്രഹം തരണം എന്നു തോന്നുമ്പോൾ, അതിനെ തണുപ്പിച്ച് മഴ, ഈ ഒരു ഉൾക്കാഴ്ചാ നമുക്ക് വേണം. അപ്പോൾ മാത്രമേ ലോകത്തേക്കാൾ വിലയേറിയ ജീവൻ, നശിച്ചുപോകാതെ യേശുവിൽ ഭദ്രമായിരിക്കൂ എന്നു ഓർമ്മിപ്പിക്കുന്നു.

പ്രാർത്ഥന : ഞങ്ങളെ സ്നേഹിക്കുന്ന ദൈവമേ, ഈ നല്ല ദിവസത്തിനായി നന്ദി പറയുന്നു. ഞങ്ങളെ കൊണ്ട് സ്വയമായി, ഉയരാനോ, നന്നാവാനോ സാദ്ധ്യമല്ല എന്ന് ഞങ്ങൾ സമ്മതിക്കുന്നു. ഞങ്ങൾ അനിശ്ചിതാവസ്ഥയിലാണ്. ഞങ്ങളുടെ വിലയേറിയ ജീവൻ, ഞങ്ങളിൽ നിന്ന് അപഹരിക്കാൻ ആഗ്രഹിക്കുന്ന ജഢത്തിന്റെ മോഹികൾ, കൺമോഹികൾ, ജീവനത്തിന്റെ പ്രതാപമോഹികൾ, അനേകഭൂതങ്ങൾ ഞങ്ങളുടെ പുറകെ നടക്കുകയാണ്. ആർത്തിപൂണ്ടു നടക്കുകയാണ്. അവന്റെ പിടിയിൽപ്പെടാതെ ഞങ്ങളെ കാത്തുകൊള്ളണമെ. ഞങ്ങളെ കൈവിടല്ലേ? ഞങ്ങൾക്ക് ഒരു മറ തരണമെ. ഞങ്ങളെ നിന്റെ ഉള്ളിലാക്കണമെ എന്ന് പറഞ്ഞ് ഞങ്ങൾ നിന്നിൽ അഭയം പ്രാപിക്കുകയാണ്. അങ്ങനെ കഴിഞ്ഞകാല ജീവിതത്തിൽ, കഴിഞ്ഞ തലമുറക്കാർ, അറിഞ്ഞും അറിയാതെയും, മോഹം ഗർഭം ധരിച്ച് പാപത്തെയും പാപം മുഴുത്തിട്ട് മരണത്തെയും പ്രസവിക്കുന്ന ഇടമായി ഞങ്ങളുടെ ഹൃദയം. അങ്ങനെ കരിഞ്ഞ്, പുകഞ്ഞ്, തിളച്ച് ഞങ്ങളുടെ ജീവൻ മുഴുവനും കറുത്ത ആവിയായി പോയി. അതിനെ വെളുത്ത ആവിയാക്കുവാൻ നിന്റെ രക്തം മതിയായതാണ്. നിന്റെ നാമം, നിന്റെ വചനം,

ആത്മാവ് എല്ലാം ഞങ്ങളെ ശുദ്ധീകരിച്ച്, ശക്തീകരിച്ച് തേജസ്സ് ഉള്ളവരാകുവാൻ, അഗ്നിശോധന വേണമെന്ന് ഞങ്ങൾ സമ്മതിക്കുന്നു. അഗ്നിശോധനയിൽ മാത്രമേ ഈ ഐസ് ഉരുകി വെള്ളമായി, ആവിയായി, വെളുത്ത ആവിയായി, വെളുത്ത മേഘമായി മുകളിലേയ്ക്കു പോകൂ. ആ തിളപ്പ് ഒരിക്കലും നിൽക്കാതെ, എന്നും ദൈവത്തെ സ്തുതിച്ചു ആരാധിച്ചുകൊണ്ട് ഞങ്ങളുടെ ജീവന്റെ ഈ പാത്രം അതിന്റെ അവസാനത്തെ ദിവസത്തെ പ്രാണനെ കൂടി, അങ്ങയുടെ സന്നിധിയിൽ എത്തിക്കുന്നതുവരെ, ജാഗ്രതയോടെ യാത്രചെയ്യാൻ സഹായിക്കണമെ. കർത്താവേ! ഞങ്ങൾ അഭക്തന്റെ കൂട്ടത്തിൽ ആയിപ്പോകാതെ ഞങ്ങളുടെ എല്ലാ ദിവസത്തെയും പ്രാണൻ, എപ്പോഴുമുള്ള പ്രാണൻ, അത് അതിന്റെ ഉടയക്കാരന്റെ ഉള്ളിൽ എത്തിക്കണം എന്നുള്ള വിശ്വസ്തത ഞങ്ങൾക്ക് തരണമെന്ന് യേശുവിന്റെ നാമത്തിൽ യാചിക്കുന്നത്. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതികരേററുവാൻ തന്നെ. ആമേൻ.